**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2792** **03-08-2021 - ൽ മറുപടിയ്ക്ക്**

**കൃഷി ഭവനുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് എന്നിവർ ഓഫീസ് ജോലികളിൽ വ്യാപൃതരാകേണ്ടി വരുന്നതിനാൽ ഫീൽഡ് തല പ്രവർത്തനങ്ങളിൽ വീഴ്ച വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. ഓഫീസ് ജോലികളോടൊപ്പം ഫീൽഡ് തല പ്രവർത്തനങ്ങളുടെ ചുമതലയും കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് എന്നിവർ നിർവ്വഹിക്കുന്നതിന്റെ പ്രയാസങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | കൃഷി ഭവനുകളുടെ സുഗമമായ പ്രവർത്തനത്തിന് എല്ലാ കൃഷി ഭവനുകളിലും ക്ലറിക്കൽ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | പുനർവിന്യാസം സംബന്ധിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പഠനം നടത്തുന്നുണ്ട്. റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്. |
| (സി) | കൃഷി ഉദ്യോഗസ്ഥർ ഫീൽഡ് തല പ്രവർത്തനങ്ങൾ ഫീൽഡ് ഡയറിയിൽ രേഖപ്പെടുത്തുന്നതിനും ആയത് യഥാസമയം മേലുദ്യോഗസ്ഥർ പരിശോധിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കൃഷി ഉദ്യോഗസ്ഥർ ഫീൽഡ് തല പ്രവർത്തനങ്ങൾ ഫീൽഡ് ഡയറിയിൽ രേഖപ്പെടുത്തുന്നതിനും ആയത് യഥാസമയം മേലുദ്യോഗസ്ഥർ പരിശോധിക്കുന്നതിനും നിലവിൽ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ട്. |

സെക്ഷൻ ഓഫീസർ